**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3581** **14-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിർത്തലാക്കിയതിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകളാണ് പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിന്നുപോയതിൽ തലശ്ശേരി ഡിപ്പോയിൽ നിന്നും മൂന്നും, മാനന്തവാടി ഡിപ്പോയിൽ നിന്നും രണ്ടും, വടകര ഓപ്പറേറ്റിംഗ് സെൻററിൽ നിന്നും മൂന്നും, തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നും നാലും ഉൾപ്പെടെ 12 സർവ്വീസുകളാണ് പുനരാരംഭിച്ചിട്ടുള്ളത്. |
| (ബി) | പുനരാരംഭിക്കാത്ത സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പുനരാരംഭിക്കാത്ത സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. അതു കൂടാതെ ജനോപകാരപ്രദമായ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതി എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വീസുകളാണെന്ന് വിശദമാക്കാമോ? | (സി) | കോവിഡിന് ശേഷം വടകര ഓപ്പറേറ്റിംഗ് സെന്ററിൽ നിന്ന് രണ്ടും, തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്ന് രണ്ടും സർവ്വീസുകളാണ് പുതുതായി ഓപ്പറേറ്റ് ചെയ്തു വരുന്നത്.<br><br><u>തൊട്ടിൽപ്പാലം</u><br><br>1. 06.00 തൊട്ടിൽപ്പാലം-വടകര<br><br>2. 05.15 തൊട്ടിൽപ്പാലം-വടകര<br><br><u>വടകര</u> |

| | | | |
|---|---|---|---|
| | | | 1. 06.00 വടകര-തൊട്ടിൽപ്പാലം<br><br>2. 07.00 വടകര-കുറ്റ്യാടി |

സെക്ഷൻ ഓഫീസർ